[redacted]

1005

# സമഗ്രശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ - I 2026-2027

## സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2 ½ മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനു മാത്രം ഉത്തരമെഴുതിയാൽ മതി.
- ഭൂപട ചോദ്യത്തിന് ഉത്തരം നൽകാൻ ഇതോടൊപ്പം ചേർത്തിരിക്കുന്ന ലോകഭൂപട രൂപരേഖ ഉപയോഗപ്പെടുത്തേണ്ടതാണ്.

**1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (8 x 1 = 8)**

1. ശരിയായ ജോഡി കണ്ടെത്തുക.

a. ലിയനാർഡൊ ഡാവിഞ്ചി - അന്ത്യ അത്താഴം
b. മസാച്ച്യോ - പിയത്ത
c. മൈക്കലാഞ്ചലോ - അന്ത്യവിധി
d. ജിയോട്ടോ - ഗത്താമലാത്ത

A) a, b B) a, c
C) c, d D) a, d

2. തന്നിരിക്കുന്ന സൂചനകൾ വിലയിരുത്തി കാലാവസ്ഥാമേഖല ഏതെന്ന് തിരിച്ചറിയുക.

- നിത്യഹരിതവനങ്ങളും ഇലപൊഴിയും വൃക്ഷങ്ങളും കാണപ്പെടുന്നു.
- തീവ്ര ഉപജീവനകൃഷി നിലനിൽക്കുന്നു.

A) മെഡിറ്ററേനിയൻ കാലാവസ്ഥാമേഖല
B) ഭൂമധ്യരേഖാകാലാവസ്ഥാമേഖല
C) ടൈഗെ മേഖല
D) മൺസൂൺ കാലാവസ്ഥാമേഖല

3. ചുവടെ നൽകിയിട്ടുള്ളവയെ കാലഗണനാക്രമത്തിലാക്കുക.

i. ബാസ്റ്റിൽ കോട്ടയുടെ തകർച്ച
ii. ടെന്നീസ്കോർട്ട് പ്രതിജ്ഞ
iii. വാട്ടർലൂ യുദ്ധം

OXFORD

iv. ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനം

A) ii, iii, iv, i B) ii, i, iv,iii

C) i, ii, iii, iv D) i, iii, iv, ii

4. 'ദി സോഷ്യോളജിക്കൽ ഇമാജിനേഷൻ' എന്ന പുസ്തകം എഴുതിയ സമൂഹശാസ്ത്രജ്ഞൻ ആര്?

A) കാൾ മാർക്സ് B) എമിൽ ദുർഖിം

C) ചാൾസ് റൈറ്റ് മിൽസ് D) മാക്സ് വെബർ

5. നൽകിയിരിക്കുന്ന പട്ടിക ഉചിതമായി ക്രമീകരിക്കുക.

| A | B |
|---|---|
| a. മാർട്ടിൻ ലൂഥർ | 1. സ്വിറ്റ്സർലണ്ട് |
| b. ജോൺ കാൽവിൻ | 2. ഇംഗ്ലണ്ട് |
| c. ഹെൻറി എട്ടാമൻ | 3. ജർമ്മനി |
| | 4. ഫ്രാൻസ് |

A) a – 4, b – 3, c - 2 B) a – 3, b – 1, c - 2

C) a – 2, b – 4, c - 1 D) a – 1, b – 2, c - 4

6. സാമൂഹിക ബന്ധങ്ങൾ, സാമൂഹിക സ്ഥാപനങ്ങൾ, സാമൂഹിക ഘടനകൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവ വ്യക്തികളെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നുവെന്ന് പരിശോധിക്കുന്ന പ്രക്രിയ ഏതുപേരിൽ അറിയപ്പെടുന്നു?

A) സാമാന്യബോധജ്ഞാനം B) സമൂഹശാസ്ത്ര സങ്കല്പം

C) സാമൂഹിക വിശകലനം D) വാർപ്പുമാതൃക

7. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തി ശരിയായത് കണ്ടെത്തുക.

പ്രസ്താവന 1 : മധ്യകാലത്തെ ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും ആധുനിക കാലഘട്ടത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് നവോത്ഥാനം.

പ്രസ്താവന 2 : നവോത്ഥാനം ആവിർഭവിച്ചത് ഇറ്റലിയിലാണ്.

A) രണ്ട് പ്രസ്താവനകളും തെറ്റ്

B) രണ്ട് പ്രസ്താവനകളും ശരി

C) പ്രസ്താവന 1 ശരി പ്രസ്താവന 2 തെറ്റ്

D) പ്രസ്താവന 1 തെറ്റ് പ്രസ്താവന 2 ശരി

OXFORD

8. അന്തരീക്ഷമർദവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക.

a. അന്തരീക്ഷവായു ഭൗമോപരിതലത്തിൽ ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷ മർദം.

b. വരണ്ട വായുവിനെ അപേക്ഷിച്ച് ആർദ്രവായുവിൽ അന്തരീക്ഷമർദം കൂടുതലായിരിക്കും.

c. അന്തരീക്ഷ താപനില കൂടുമ്പോൾ മർദം കുറയുന്നു.

d. ഉയരം കൂടുമ്പോൾ മർദം കുറയുന്നു.

A) a, c, d  B) c, d

C) a, b, c  D) b, c

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. (7 x 2 = 14)**

9. ഫ്രാൻസിലെ സാധാരണക്കാർ പ്രതിഫലമില്ലാതെ ചെയ്യേണ്ടിയിരുന്ന നിർബന്ധിത സേവനങ്ങൾ എന്തെല്ലാമായിരുന്നു?

10. (A) പട്ടിക പൂർത്തിയാക്കുക.

| ശില്പം | ശില്പി |
|---|---|
| a. ഗത്താമലാത്ത | -------------------------------- |
| b. പിയത്ത | -------------------------------- |

**അല്ലെങ്കിൽ**

(B) നവോത്ഥാന വാസ്തുവിദ്യയുടെ സവിശേഷതകൾ എഴുതുക.

11. ആശയം വ്യക്തമാക്കുക.

a. ദൈനിക താപാന്തരം

b. ദൈനിക ശരാശരി താപനില

12. (A) സാമാന്യബോധജ്ഞാനത്തിലൂടെ ലഭിക്കുന്ന അറിവുകൾ പലപ്പോഴും ഭാഗികമാണ്. ഉദാഹരണസഹിതം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) ഏതൊരു വ്യക്തിപരമായ പ്രശ്നത്തിന് പിന്നിലും സാമൂഹികമായ ഘടകങ്ങളുടെ സ്വാധീനമുണ്ടായിരിക്കും. ഏതെങ്കിലും രണ്ട് വ്യക്തിഗത പ്രശ്നങ്ങളെയും അവയ്ക്ക് കാരണമാകുന്ന സാമൂഹിക ഘടകങ്ങളെയും പട്ടികപ്പെടുത്തുക.

13. ഭൂമധ്യരേഖാകാലാവസ്ഥാമേഖലയുടെ സവിശേഷതകൾ വിശദമാക്കുക.

14. 'ഒരു വ്യവസ്ഥാപിത ഭരണഘടന ഫ്രാൻസിന് ഉണ്ടാകുന്നതുവരെ തങ്ങൾ പിരിഞ്ഞുപോവുകയില്ലെന്ന് അവർ പ്രഖ്യാപിച്ചു'. ഈ പ്രഖ്യാപനത്തിന് ഫ്രഞ്ചുവിപ്ലവത്തിലുള്ള പ്രാധാന്യമെന്ത്?

15. കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ താഴെപ്പറയുന്ന അന്താരാഷ്ട്ര ഉദ്യമങ്ങളുടെ ഇടപെടലുകൾ വ്യക്തമാക്കുക.

a. ക്യോട്ടോ പ്രോട്ടോക്കോൾ

b. മോൺട്രിയൽ പ്രോട്ടോക്കോൾ

**16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(8 x 3 = 24)**

16. തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകളുടെ രൂപീകരണം വിശദമാക്കുക.

17. നവോത്ഥാനകാലത്ത് വൈദ്യശാസ്ത്രരംഗത്തുണ്ടായ നേട്ടങ്ങൾ വിലയിരുത്തുക.

18. നിർവചിക്കുക.

a. ഉപയുക്തത

b. മൊത്തം ഉപയുക്തത

c. സീമാന്ത ഉപയുക്തത

19. സാവന്ന കാലാവസ്ഥാമേഖലയിലെ ജനജീവിതത്തെക്കുറിച്ച് വിവരിക്കുക.

20. (A) വിയന്ന സമ്മേളനത്തിന്റെ തീരുമാനങ്ങൾ യൂറോപ്പിന്റെ രാഷ്ട്രീയ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കി. പ്രസ്താവന സാധൂകരിക്കുക.

**അല്ലെങ്കിൽ**

(B) മധ്യവർഗത്തെ വിപ്ലവത്തിലേക്ക് നയിക്കുന്നതിന് ഫ്രാൻസിലെ സാമ്പത്തിക പ്രതിസന്ധി കാരണമായതെങ്ങനെ?

21. ഉഷ്ണമരുഭൂമികളിലെ സാഹചര്യങ്ങൾ പൊതുവെ ജനവാസത്തിന് പ്രതികൂലമാണെങ്കിലും ഇവിടങ്ങളിലെ രാജ്യങ്ങൾ പലതും സാമ്പത്തികമായി പുരോഗതി പ്രാപിച്ചവയാണ്. ഇതിന് സഹായകമായ ഘടകങ്ങൾ വിശകലനം ചെയ്യുക.

22. സാമാന്യബോധജ്ഞാനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? വ്യക്തികളിൽ സാമാന്യബോധജ്ഞാനം രൂപം കൊള്ളുന്നതെങ്ങനെ?

23. ഉപഭോഗം എന്നാലെന്ത്? ഉപഭോഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ?

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 x 4 = 24)**

24. (A) ചരിത്രരചനയെ ശാസ്ത്രീയമാക്കുന്നതിൽ നവോത്ഥാനം വഹിച്ച പങ്ക് വ്യക്തമാക്കുക.

**അല്ലെങ്കിൽ**


(B) പതിനാലാം നൂറ്റാണ്ടിൽ പൊട്ടിപ്പുറപ്പെട്ട ബ്യൂബോണിക് പ്ലേഗ് യൂറോപ്പിന്റെ വിവിധ മേഖലകളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വിശദമാക്കുക.

25. (A) അപചയ സീമാന്ത ഉപയുക്തത നിയമത്തിന്റെ അനുമാനങ്ങളും പരിമിതികളും പട്ടികപ്പെടുത്തുക.

**അല്ലെങ്കിൽ**

(B) ഉപഭോഗസാധനങ്ങൾ, മൂലധനസാധനങ്ങൾ എന്നിവ താരതമ്യം ചെയ്യുക.

26. (A) ഭൂപടം വിശകലനം ചെയ്ത് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




MAP NOT TO SCALE ആഗോളതാപവിതരണം (ഡിഗ്രി സെൽഷ്യസിൽ) (ജനുവരി)


a. ഭൂപടത്തിൽ കാണുന്ന സാങ്കല്പിക രേഖകൾ ഏതുപേരിൽ അറിയപ്പെടുന്നു?

b. ഭൂമധ്യരേഖയിൽ നിന്ന് ധ്രുവങ്ങളിലേക്ക് പോകുന്തോറും താപനിലയിൽ ഉണ്ടാകുന്ന മാറ്റം ഏതുവിധമാണ്?

c. വൻകരകളും സമുദ്രങ്ങളും ചേരുന്ന ഇടങ്ങളിൽ ഈ രേഖകൾ പ്രകടമായി വളയുന്നു. എന്തുകൊണ്ട്?

**അല്ലെങ്കിൽ**

(B) ചിത്രം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




ഉത്തരാർധഗോളം ദക്ഷിണാർധഗോളം

ചിത്രങ്ങൾ സൂചിപ്പിക്കുന്ന അസ്ഥിരവാതം ഏത്? അതിന്റെ സവിശേഷതകൾ എന്തെല്ലാം?

27. വിദ്യാഭ്യാസരംഗത്തും, നിയമരംഗത്തും നെപ്പോളിയൻ ഫ്രാൻസിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കുക.

28. വ്യക്തിഗതപ്രശ്നങ്ങളെയോ സങ്കീർണ്ണമായ സാമൂഹിക പ്രശ്നങ്ങളെയോ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയില്ല എന്നത് സാമാന്യബോധജ്ഞാനത്തിന്റെ പരിമിതിയാണ്. മറ്റു പരിമിതികൾ വിശദമാക്കുക.

29. ചുവടെ നൽകിയിരിക്കുന്ന ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് നൽകിയിട്ടുള്ള ലോകഭൂപട രൂപരേഖയിൽ അടയാളപ്പെടുത്തുക.

a. ഇന്ത്യൻ ഉപദ്വീപ് ഉൾപ്പെടുന്ന പ്രധാന കാലാവസ്ഥാമേഖല

b. ആഫ്രിക്കയിൽ കാണപ്പെടുന്ന ഉഷ്ണമേഖലാ പുൽമേട്

c. തെക്കേ അമേരിക്കയിൽ കാണപ്പെടുന്ന ഉഷ്ണമരുഭൂമി

d. വടക്കേ അമേരിക്കയിൽ കാണപ്പെടുന്ന മിതോഷ്ണപുൽമേട്

**30, 31 ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ വിശദീകരിച്ച് എഴുതണം. 5 സ്കോർ വീതം. (2 x 5 = 10)**

30. (A) 'നവോത്ഥാനത്തിന്റെ സ്വാധീനം യൂറോപ്പിലെ മതരംഗത്തും പ്രതിഫലിച്ചു'. മതനവീകരണത്തിന് കാരണമായ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്താവന വിലയിരുത്തുക.

**അല്ലെങ്കിൽ**

(B) ഫ്രാൻസിലെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ ഫ്രഞ്ചുവിപ്ലവത്തിന് കാരണമായതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

31. (A) ആഗോളമർദമേഖലകൾ എന്നാലെന്ത്? ചുവടെ നൽകിയിട്ടുള്ള മർദമേഖലകൾ രൂപംകൊള്ളുന്നതെങ്ങനെയെന്ന് വിശദമാക്കുക.

a. ഭൂമധ്യരേഖാന്യൂനമർദമേഖല


b. ഉപോഷ്ണഉച്ചമർദമേഖല

**അല്ലെങ്കിൽ**

(B) നൽകിയിട്ടുള്ള സൂചനകളെ അടിസ്ഥാനമാക്കി മെഡിറ്ററേനിയൻ കാലാവസ്ഥാമേഖലയുടെ സവിശേഷതകൾ വിശകലനം ചെയ്യുക.

- കാലാവസ്ഥ
- സസ്യജാലം

29.




OXFORD